58

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 FEBRUARY 2024











കേരള പ്ലാന്റേഷൻ എക്സ്പോ 2024
Exploring Prosperity through Sustainable Growth

# പ്ലാന്റേഷൻ മേഖലക്ക് കരുത്തു പകർന്ന്

## രണ്ടാമത് പ്ലാന്റേഷൻ എക്സ്പോ സമാപിച്ചു

സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള പ്ലാന്റേഷൻ ഡയറക്ടറേറ്റ് സംഘടിപ്പിച്ച രണ്ടാമത് പ്ലാന്റേഷൻ എക്സ്പോ സമാപിച്ചു. സംസ്ഥാനത്തെ തോട്ടം ഉത്പന്നങ്ങളുടെ ആഗോള ബ്രാൻഡ് ഉയർത്തുന്നതിനും സുപ്രധാന മേഖലകളെ ശക്തിപ്പെടുത്തുന്നതിനുമുള്ള കാഴ്ചപ്പാട് പങ്കുവച്ച് പ്ലാന്റേഷൻ ഡയറക്റ്ററേറ്റ് സംഘടിപ്പിച്ച മൂന്നു ദിവസത്തെ കേരള പ്ലാന്റേഷൻ എക്സ്പോയ്ക്ക് സമാപനം കുറിച്ചത് തോട്ടം മേഖലയുടെ ഭാവി സുഭദ്രം എന്ന ഉറപ്പോടു കൂടിയാണ്. സംസ്ഥാനത്തുടനീളമുള്ള എസ്റ്റേറ്റുകളിൽ നിന്നുള്ള നൂറുകണക്കിന് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളാണ് എക്സ്പോയിൽ പ്രദർശിപ്പിച്ചത്.

സംസ്ഥാന പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ 2024 ജനുവരി 20 മുതൽ 22 വരെ കൊച്ചിയിൽ കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് പ്രത്യേകം തയ്യാറാക്കിയ നൂറ്റമ്പതിലധികം സ്റ്റാളുകളിലായാണ് പ്ലാന്റേഷൻ എക്സ്പോ ഒരുക്കിയത്. ആഗോളതലത്തിൽ കേരളാ പ്ലാന്റേഷൻ എന്ന ബ്രാൻഡ് ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള ആദ്യ ചുവടുവയ്പ് എന്ന നിലയിൽ സംഘടിപ്പിച്ച കേരള പ്ലാന്റേഷൻ എക്സ്പോയുടെ രണ്ടാം പതിപ്പ് ബഹു. വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ആണ് ഉദ്ഘാടനം ചെയ്തത്. എറണാകുളം എംഎൽഎ ശ്രീ. ടി. ജെ. വിനോദ് അധ്യക്ഷനായ ഉദ്ഘാടന ചടങ്ങിൽ വ്യവസായവകുപ്പ് / പ്ലാൻറേഷൻ ഡയക്ടറേറ്റ് ഡയറക്ടർ ശ്രീ. എസ് ഹരികിഷോർ ഐ.എ.എസ് സ്വാഗത പ്രസംഗം നിർവഹിച്ചു. കൊച്ചി കോർപ്പറേഷൻ മേയർ ശ്രീ. എം. അനിൽകുമാർ, സ്പൈസസ് ബോർഡ് സെക്രട്ടറി ശ്രീ. ഡി. സത്യൻ ഐ.എഫ്.എസ്, കോഫി ബോർഡ് ഡെ. ഡയറക്ടർ ഡോ. കറുത്തമണി, ടീ ബോർഡ് ഡെ. ഡയറക്ടർ ശ്രീ. ഫാൽഗുനി ബാനർജി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ ഡോ. കൃപകുമാർ കെ.എസ്.,എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. നജീബ് പി. എ., റബർ ബോർഡ് പ്രതിനിധി ശ്രീ. മുഹമ്മദ് സാദിഖ്, ഉപാസി പ്രതിനിധി ശ്രീ. സി. ശ്രീധരൻ, തോട്ടം ഉടമ പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു.

മൂന്നുദിവസങ്ങളിലായി നടന്ന പ്ലാന്റേഷൻ എക്സ്പോയിൽ വൻ ജനപങ്കാളിത്തം ഉറപ്പു വരുത്തിയിരുന്നു. തോട്ടം മേഖലയുടെ ഉന്നമനം സംബന്ധിച്ച പാനൽ ചർച്ചകൾ, ബിടുബി കൂടിക്കാഴ്ചകൾ, വാണിജ്യ ചർച്ചകൾ എന്നിവയിലെ പൊതുജനപങ്കാളിത്തം ആശ്ചര്യപ്പെടുത്തുന്നതായിരുന്നു. തോട്ടം മേഖലയിലെ മൂല്യവർധിത ഉത്പന്നങ്ങൾ വാങ്ങുന്നതിനും വൈവിധ്യങ്ങൾ മനസ്സിലാക്കുന്നതിനും വൻ തിരക്കാണ് എക്സ്പോയിൽ അനുഭവപ്പെട്ടത്. പ്ലാന്റേഷൻ മാത്രമല്ല, വൈവിദ്ധ്യങ്ങളുടെ ഒരു കലവറ തന്നെയായിരുന്നു എക്സ്പോയിൽ ഒരുക്കിയിരുന്നത്. ചായപ്പൊടി മുതൽ പ്ലാന്റേഷൻ ഓട്ടോമേഷൻ വരെയും വെട്ടുകത്തി മുതൽ ഹെവിഡ്യൂട്ടി ഡ്രോൺ വരെയും സന്ദർശകരെ ആകർഷിച്ചിരുന്നു. പ്ലാന്റേഷൻ മേഖലയിലെ ടൂറിസം സംരംഭങ്ങൾ, സാഹസിക വിനോദങ്ങൾ, മൂല്യവർധിത ഉത്പന്നങ്ങൾ, കയറ്റുമതി സാധ്യതകൾ തുടങ്ങി നിരവധി മേഖലകളിൽ നിന്നുള്ള സ്റ്റാളുകൾ രണ്ടാമത് പ്ലാന്റേഷൻ എക്സ്പോയിൽ ഇടം പിടിച്ചു. ഇതിനൊപ്പം വിവിധ പഴവർഗങ്ങളുടെ തൈകളും എക്സ്പോയിൽ ലഭ്യമാക്കിയിരുന്നു. പൊതുജനങ്ങൾക്ക് കശുമാവിൻ തൈകൾ സൗജന്യമായി വിതരണം ചെയ്തു.

പ്ലാന്റേഷൻ മേഖലയുടെ സമഗ്ര നവീകരണത്തിലൂടെ സാമൂഹ്യ ഉന്നമനമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ് എക്സ്പോയുടെ സമാപന സമ്മേളനത്തിൽ വ്യക്തമാക്കി. പ്ലാന്റേഷൻ എക്സ്പോയിലെ മികച്ച പ്രകടനത്തിനുള്ള പുരസ്ക്കാരങ്ങൾ ചടങ്ങിൽ സമ്മാനിച്ചു.



## അമേരിക്കൻ ക്ലിനിക്കൽ ഡാറ്റ അനലിസ്റ്റ് കമ്പനിയായ കാറ്റലിസ്റ്റ്

# കേരളത്തിൽ പ്രവർത്തനമാരംഭിച്ചു

പ്രശസ്തമായ അമേരിക്കൻ ക്ലിനിക്കൽ ഡാറ്റ അനലിസ്റ്റ് കമ്പനിയായ കാറ്റലിസ്റ്റ് കേരളത്തിൽ പ്രവർത്തനമാരംഭിച്ചു. കൊച്ചി ഇൻഫോപാർക്കിൽ ആരംഭിച്ച കമ്പനിയുടെ പ്രവർത്തനോദ്ഘാടനം ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു. അത്യാധുനിക സൗകര്യങ്ങളോട് കൂടിയ കമ്പനിയിൽ സ്റ്റാറ്റിസ്റ്റിക്കൽ മേഖലയിലെ 200 പേർക്കെങ്കിലും തൊഴിൽ നൽകാൻ സാധിക്കും. കൊച്ചിക്ക് പുറമെ തിരുവനന്തപുരത്തും കമ്പനിയുടെ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതായി കമ്പനി അധികൃതർ വ്യക്തമാക്കി.

ഫാർമസ്യൂട്ടിക്കൽ കമ്പനികൾ. ക്ലിനിക്കൽ റിസർച്ച് ചെയ്യുന്ന സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവയ്ക്ക് ഗവേഷണങ്ങളുടെ ക്ലിനിക്കൽ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് കാറ്റലിസ്റ്റ് സഹായിക്കും. സംസ്ഥാന സർക്കാർ പ്രധാനമേഖലയായി കണ്ടുവരുന്ന നിർമ്മിത ബുദ്ധിയും മെഷീൻ ലേണിങ്ങുമുൾപ്പെടെയുള്ള സാങ്കേതിക വിദ്യകളുടെ സമന്വയം സാധ്യമാക്കാനുള്ള ശ്രമങ്ങളും കാറ്റലിസ്റ്റിന്റെ ഭാഗത്തുനിന്നുണ്ടാകും. ലോകത്താകമാനം ഉപഭോക്താക്കളുള്ള മറ്റൊരു പ്രധാന കമ്പനി കൂടി കേരളത്തിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ ഈ മേഖലയിൽ വരാനിരിക്കുന്ന വലിയ നിക്ഷേപങ്ങളുടെ തുടക്കമായാണ് ഈ ചുവടുവെയ്പ്പിനെ കേരളം നോക്കി കാണുന്നത്.

AGAPPE
YOUR BEST PARTNER IN DIAGNOSTICS

## കൊച്ചിയിൽ അത്യാധുനിക മെഡിക്കൽ ഡിവൈസ് മാനുഫാക്ചറിങ് യൂണിറ്റുമായി

# അഗാപ്പെ

ശതകോടികളുടെ വിറ്റുവരവുള്ള കേരളത്തിലെ പ്രമുഖ നിക്ഷേപകരായ അഗാപ്പെ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ അത്യാധുനിക മെഡിക്കൽ ഡിവൈസ് മാനുഫാക്ചറിങ് യൂണിറ്റ് ഒരുങ്ങുന്നു. കാക്കനാട് കിൻഫ്രയുടെ ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്ററിൽ 2.1 ഏക്കറിലായി 70,000 ചതുരശ്ര അടി വിസ്തീർണത്തിലൊരുക്കുന്ന പുതിയ നിർമ്മാണ കേന്ദ്രം 2 ഘട്ടങ്ങളിലായി പണി പൂർത്തിയാക്കാനാണ് അഗാപ്പെ ഗ്രൂപ്പ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടം ഈ വർഷം ഏപ്രിൽ മാസത്തിൽ ഉദ്ഘാടനം ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലോകോത്തര നിലവാരത്തിലൊരുക്കുന്ന ഈ കേന്ദ്രത്തിൽ ആദ്യഘട്ടത്തിൽ തന്നെ 150 വിദഗ്ധ എഞ്ചിനീയർമാർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. രണ്ടാം ഘട്ടം 2027ഓടെ പൂർത്തീകരിക്കാനാകുമെന്നാണ് അഗാപ്പെ കണക്കുകൂട്ടുന്നത്. ഇതോടെ തൊഴിലും ഇരട്ടിയാകും.

ഇന്ത്യയുടെ മെഡിക്കൽ ഡിവൈസ് മാനുഫാക്ചറിങ് മേഖലയിൽ 20% ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നത് കേരളത്തിലാണ്. രാജ്യത്തിന്റെ മെഡിക്കൽ ഡിവൈസ് ഹബ്ബാകാൻ ഒരുങ്ങുന്ന കേരളത്തിന് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഈ നിർമ്മാണ യൂണിറ്റ് കൂടുതൽ കരുത്ത് പകരും.

## സ്റ്റാർട്ടപ്പ് വ്യവസായങ്ങളുടെ റാങ്കിങ് പട്ടികയിൽ

# കേരളം ഒന്നാമത്



ഇന്ത്യയിലെ സ്റ്റാർട്ടപ്പ് വ്യവസായങ്ങളുടെ റാങ്കിങ് പട്ടികയിൽ കേരളം ഒന്നാമത്. കേന്ദ്ര വാണിജ്യ മന്ത്രാലയവും സ്റ്റാർട്ടപ്പ് ഇന്ത്യയും സംയുക്തമായി ഏർപ്പെടുത്തിയ ദേശീയറാങ്കിങ്ങിലാണ് കേരളം 'ബെസ്റ്റ് പെർഫോർമർ' പുരസ്കാരം സ്വന്തമാക്കിയത്. കഴിഞ്ഞ മൂന്ന് പതിപ്പുകളിലും ടോപ് പെർഫോർമറായിരുന്ന കേരളം ആദ്യമായാണ് ഏറ്റവും ഉയർന്ന സ്ഥാനമായ 'ബെസ്റ്റ് പെർഫോർമർ' സ്വന്തമാക്കുന്നത്. ഗുജറാത്ത്, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങൾക്കൊപ്പമാണ് കേരളവും ബെസ്റ്റ് പെർഫോർമർ ആയിരിക്കുന്നത്.

ലോകോത്തര നിലവാരമുള്ള സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സൗകര്യവും സൂപ്പർ ഫാബ്‌ലാബും സാമ്പത്തിക പിന്തുണയുമടക്കം കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി സംസ്ഥാന സർക്കാർ കൊണ്ടുവന്ന മാറ്റങ്ങൾ ഈ ഘട്ടത്തിൽ ഒരിക്കൽ കൂടി ഓർക്കുകയാണ്. നമ്മുടെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം അന്താരാഷ്ട്ര അംഗീകാരങ്ങളടക്കം നേടിക്കൊണ്ടാണ് ഇന്നീ നിലവാരം കൈവരിച്ചിരിക്കുന്നത്. നൂതന വ്യവസായ ലോകത്ത് കേരളത്തിന്റെ കുതിപ്പ് തുടരുന്നതിനും വൈജ്ഞാനിക സമ്പദ് വ്യവസ്ഥയ്ക്ക് കെട്ടുറപ്പുള്ള അടിത്തറ പാകുന്നതിനും ഈ നേട്ടം സഹായകമാകും.




Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.